# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5490**
**02.11.2016 - ലെ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അഡ്വാൻസ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.കെ.രാമചന്ദ്രൻ നായർ | | ഡോ.റ്റി.എം.തോമസ് ഐസക്<br>(ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| (എ) | സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അഡ്വാൻസ് ലഭിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാൻ വരുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അഡ്വാൻസ് ലഭിക്കുന്നത് സംബന്ധിച്ച അപേക്ഷകളിന്മേൽ, വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ത്വരിതഗതിയിലാണ് ധനകാര്യ വകുപ്പിൽ നടപടികൾ സ്വീകരിച്ചുവരുന്നത്. ആയതിനാൽ കാലതാമസം നേരിടാറില്ല. |
| (ബി) | ടി അപേക്ഷകളിൽ വേഗത്തിൽ തീരുമാനം എടുക്കുന്ന തരത്തിൽ ഇടയ്ക്കുള്ള തട്ടുകൾ ഒഴിവാക്കുന്ന കാര്യം ആലോചിക്കുമോ; | ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകളിൽ, കഴിയുന്നതും ലഭ്യമാകുന്ന അന്ന് തന്നെ നടപടികൾ പൂർത്തിയാക്കി ഫയൽ മടക്കുന്ന സ്ഥിതിവിശേഷമാണ് ധനകാര്യ വകുപ്പിൽ നിലവിലുള്ളത്. ഫയൽ ചംക്രമണവുമായി ബന്ധപ്പെട്ട് അത്യന്താപേക്ഷിതമായ രണ്ടു തട്ടുകൾ മാത്രമാണ് ഈ വകുപ്പിലുള്ളത്. ആയതിനാൽ ഈ രണ്ട് തട്ടുകളും ഒഴിവാക്കാൻ കഴിയുന്നതല്ല. |
| (സി) | മെഡിക്കൽ അഡ്വാൻസിനുള്ള അപേക്ഷകൾ ഓൺലൈനാക്കുന്ന കാര്യം പരിഗണിക്കാമോ? | ഭരണവകുപ്പിൽ ലഭ്യമാകുന്ന അപേക്ഷകൾ ധനപരമായ അംഗീകാരത്തിനായാണ് ഈ വകുപ്പിൽ ലഭ്യമാകുന്നത്. അപേക്ഷകൾ നേരിട്ട് ധനകാര്യ വകുപ്പിൽ ലഭ്യമാകാത്തതിനാൽ ബാധകമല്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**